# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2081

11 / 02 / 2020 -ൽ
മറുപടി നൽകേണ്ടിയിരുന്നത്

## ദേശീയ ജലപാതയിലെ എക്കൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച്

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|
| (എ) കൊച്ചിയിലെ കായലുകളിലും നദികളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/മണൽ/മറ്റു വസ്തുക്കൾ എന്നിവ നിക്ഷേപിക്കുന്നതിനായി സ്ഥലം ലഭ്യമല്ലാത്തതിനാലും കൊച്ചിൻ പോർട്ട് ട്രസ്റ്റ് എക്കലും ചെളിയും പുറംകടലിൽ നിക്ഷേപിക്കാൻ അനുമതി ലഭ്യമാക്കാത്ത തിനാലും ദേശീയ ജലപാതയുടെ ഭാഗമായ കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യുന്ന തിനായി നാളിതുവരെ എസ്റ്റിമേറ്റ് പോലും തയ്യാറാക്കി പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) കണ്ണങ്കാട്ട് വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെ 2 റീച്ചുകളിലായി 709 ലക്ഷത്തിനും 670 ലക്ഷത്തിനും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട് . പ്രസ്തുത പ്രദേശം പോർട്ട് ട്രസ്റ്റിന്റെ പരിധിയിൽ ആയതിനാൽ പോർട്ട് ട്രസ്റ്റിന്റെ അനുമതി ആവശ്യമാണ്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ് . |
| (ബി) ഇതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും ഈ പ്രവൃത്തിക്ക് ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ